പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*284 — 19/06/2019- ൽ മറുപടിയ്ക്ക്

## റബ്ബർ മേഖലയിലെ പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. കെ.എസ്.ശബരീനാഥൻ<br>ശ്രീ. അനൂപ് ജേക്കബ്<br>ശ്രീ. സണ്ണി ജോസഫ് | ശ്രീ. വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനം നേരിട്ട കനത്ത വരൾച്ച മൂലം റബ്ബർ കർഷകർ അതീവ പ്രതിസന്ധിയിൽ ആണെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) വരൾച്ച മൂലം ദീർഘകാല വിളയായ റബ്ബറിന് വലിയ നാശം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) റബ്ബർ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുവാനും പരിഹാരം നിർദ്ദേശിക്കുവാനുമായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി രൂപീകരിച്ച ടാസ്ക് ഫോഴ്സ് ഓൺ റബ്ബർ നൽകിയ ഇടക്കാല റിപ്പോർട്ടിലെ ശിപാർശകൾ എന്തൊക്കെയാണ്; ഇതിലേതെങ്കിലും ശിപാർശ അംഗീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (ബി) സ്വാഭാവിക റബ്ബറിനെ കേന്ദ്ര സഹായത്തോടെ റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് പദ്ധതി നടപ്പാക്കുക, ഇറക്കുമതി നിയന്ത്രണം തുടരുക, റബ്ബറിനെ ഒരു കാർഷിക ഉൽപ്പന്നമായി പരിഗണിക്കുക, അഡ്വാൻസ് ആതറൈസേഷൻ പദ്ധതി പുന:ക്രമീകരിക്കുക എന്നിവയാണ് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി രൂപീകരിച്ച 'ടാസ്ക് ഫോഴ്സ് ഓൺ റബ്ബർ' കേന്ദ്രസർക്കാരിന് സമർപ്പിച്ച പ്രധാന ശിപാർശകൾ.<br>റബ്ബറിനെ കാർഷിക വിളയായി പ്രഖ്യാപിക്കണമെന്നതടക്കമുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന ദേശീയ റബ്ബർ നയം 2019 മാർച്ചിൽ കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുകയുണ്ടായി. റബ്ബറിനെ കാർഷിക വിളയായി പ്രഖ്യാപിക്കുന്നത്, റബ്ബറിൽ നിന്നുള്ള വരുമാനം കാർഷിക വരുമാനമായി പ്രഖ്യാപിക്കുന്നത്,വിള ഇൻഷ്വറൻസ്/താങ്ങുവില പ്രഖ്യാപിക്കുന്നത്, പുതുകൃഷിയ്ക്കും ആവർത്തന കൃഷിയ്ക്കും സാമ്പത്തിക സഹായം നൽകുന്നത്, റബ്ബറൈസ്ഡ് റോഡുകൾ പ്രോത്സാഹിപ്പിക്കുന്നത്, റബ്ബർ ലേല കേന്ദ്രങ്ങൾ ആരംഭിക്കുന്നത്, കർഷകർ ഷീറ്റ് റബ്ബറിൽ നിന്നും ക്രമാനുഗതമായി ബ്ലോക്ക് റബ്ബറിലേയ്ക്ക് മാറുന്നത്, റബ്ബർ കൃഷിയുടെ "പ്രോസസിംഗ് യൂണിറ്റ്" കളിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് ക്ഷേമം ഉറപ്പ് വരുത്തുന്നത്, |

| | |
|---|---|
| | മൂല്യവർദ്ധിത റബ്ബർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള കർഷക ഫോറങ്ങളുടെ പദ്ധതികൾക്ക് പ്രോത്സാഹനം നൽകുന്നത് തുടങ്ങിയ നിർദ്ദേശങ്ങളാണ് റബ്ബർ നയത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. |
| (സി) റബ്ബറിന്റെ താങ്ങുവില കിലോയ്ക്ക് 150 രൂപയിൽ നിന്നും 200 രൂപയായി വർദ്ധിപ്പിക്കുവാൻ ആവശ്യമായ കേന്ദ്ര ഫണ്ട് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാന നിയമസഭ പാസ്സാക്കിയ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ;<br>(ഡി) ഇതിന്മേലുള്ള കേന്ദ്ര പ്രതികരണം വ്യക്തമാക്കുമോ? | (സി) & (ഡി) റബ്ബറിന്റെ താങ്ങുവില കിലോയ്ക്ക് 150 രൂപയിൽ നിന്നും 200 രൂപയായി വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് സംസ്ഥാന നിയമസഭ പാസ്സാക്കിയ പ്രമേയം കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടെങ്കിലും ആയതിൻമേൽ കേന്ദ്രത്തിൽനിന്നും മറുപടി ഇതേ വരെ ലഭ്യമായിട്ടില്ല. |

Saumulathim

**സെക്ഷൻ ഓഫീസർ**